**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4646** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഗുണനിലവാരമില്ലാത്ത കുടിവെള്ളത്തിന്റെ വിതരണം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗുണനിലവാരമില്ലാത്തതും മലിനവുമായ കുടിവെള്ളം ലോറികളിൽ എത്തിച്ച് വിതരണം ചെയ്യുന്നതായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാട്ടർ അതോറിറ്റിയിൽ നിന്നും ടാങ്കർ ലോറി വഴി നൽകുന്ന കുടിവെള്ളം മലിനമായതാണെന്ന പത്ര വാർത്ത ശ്രദ്ധയിൽ പെട്ടിട്ടില്ല. ജല അതോറിറ്റിയുടെ ചുമതലയുള്ള വിതരണ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച കുടിവെള്ളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം വിതരണം ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്. എറണാകുളം ജില്ലയിൽ ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ശ്രീ ആർ രാമചന്ദ്രൻ പരിസ്ഥിതി സംബന്ധിച്ച സമിതിക്ക് സമർപ്പിച്ച ഹർജിയിന്മേൽ 'ഓപ്പറേഷൻ പ്യൂവർ വാട്ടർ' എന്ന പദ്ധതിക്ക് നിയമസഭാസമിതി രൂപം നൽകിയിട്ടുണ്ട്. ജില്ലയിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ ജലം ജലഅതോറിറ്റി തന്നെ വിതരണം ചെയ്യണമെന്നും, ജല അതോറിറ്റിയുടെ ഹൈഡ്രേറ്റുകളിൽ നിന്ന് മാത്രമേ വിതരണത്തിനുള്ള ജലം ശേഖരിക്കാവൂ എന്നും  സമിതി നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലെ ടാങ്കർ ഫില്ലിംഗ് പോയിന്റുകളിൽ നിന്നും ജലം നൽകിയും, പുതിയവ നിർമ്മിച്ചും വിപുലീകരിച്ചും ടി നിർദ്ദേശങ്ങൾ എറണാകുളം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ ജില്ലയിൽ  ടാങ്കർലോറി വഴിയുള്ള കുടിവെള്ള വിതരണം സുതാര്യവും കാര്യക്ഷമവുമാക്കാൻ സാധിച്ചിരുന്നു. ഇത് മറ്റ് ജില്ലകളിലും നടപ്പിലാക്കുവാൻ ആലോചനയുണ്ട്. തിരുവനന്തപുരം കോർപറേഷൻ  പരിധിയിൽ ടാങ്കർ ലോറി വഴിയുള്ള ശുദ്ധമായ  കുടി വെള്ള വിതരണം ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം കോർപറേഷനും കേരള വാട്ടർ ആതോറിറ്റിയും സംയുക്തമായി "സുജലം സുലഭം " എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . കുടിവെള്ള ചൂഷണം ഇത്തരത്തിൽ ഉണ്ടാകുന്നത് തടയുന്നതിന് |

| | | | |
|---|---|---|---|
| | | | സാധ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിവെള്ള വിതരണ വെൻഡിങ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ട്. . ഗുണനിലവാരമില്ലാത്തതും  മലിനവുമായ കുടിവെള്ളം ടാങ്കർ ലോറിയിൽ എത്തിച്ച് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ ആയത് തടയുന്നതിനും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | വാട്ടർ അതോറിറ്റിയിൽ നിന്നും ടാങ്കർ ലോറി വഴി നൽകുന്ന കുടിവെള്ളം മലിനമായതാണെന്ന പത്ര വാർത്ത ശ്രദ്ധയിൽ പെട്ടിട്ടില്ല. ജല അതോറിറ്റിയുടെ ചുമതലയുള്ള വിതരണ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച കുടിവെള്ളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം വിതരണം ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്. എറണാകുളം ജില്ലയിൽ ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ശ്രീ ആർ രാമചന്ദ്രൻ പരിസ്ഥിതി സംബന്ധിച്ച സമിതിക്ക് സമർപ്പിച്ച ഹർജിയിന്മേൽ 'ഓപ്പറേഷൻ പ്യൂവർ വാട്ടർ' എന്ന പദ്ധതിക്ക് നിയമസഭാസമിതി രൂപം നൽകിയിട്ടുണ്ട്. ജില്ലയിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ ജലം ജലഅതോറിറ്റി തന്നെ വിതരണം ചെയ്യണമെന്നും, ജല അതോറിറ്റിയുടെ ഹൈഡ്രേറ്റുകളിൽ നിന്ന് മാത്രമേ വിതരണത്തിനുള്ള ജലം ശേഖരിക്കാവൂ എന്നും  സമിതി നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലെ ടാങ്കർ ഫില്ലിംഗ് പോയിന്റുകളിൽ നിന്നും ജലം നൽകിയും, പുതിയവ നിർമ്മിച്ചും വിപുലീകരിച്ചും ടി നിർദ്ദേശങ്ങൾ എറണാകുളം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ ജില്ലയിൽ  ടാങ്കർലോറി വഴിയുള്ള കുടിവെള്ള വിതരണം സുതാര്യവും കാര്യക്ഷമവുമാക്കാൻ സാധിച്ചിരുന്നു. ഇത് മറ്റ് ജില്ലകളിലും നടപ്പിലാക്കുവാൻ ആലോചനയുണ്ട്. തിരുവനന്തപുരം കോർപറേഷൻ  പരിധിയിൽ ടാങ്കർ ലോറി വഴിയുള്ള ശുദ്ധമായ  കുടി വെള്ള വിതരണം ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം കോർപറേഷനും കേരള വാട്ടർ ആതോറിറ്റിയും സംയുക്തമായി "സുജലം സുലഭം " എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . കുടിവെള്ള ചൂഷണം ഇത്തരത്തിൽ ഉണ്ടാകുന്നത് തടയുന്നതിന് സാധ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിവെള്ള വിതരണ വെൻഡിങ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ട്. . ഗുണനിലവാരമില്ലാത്തതും  മലിനവുമായ കുടിവെള്ളം ടാങ്കർ ലോറിയിൽ എത്തിച്ച് വിതരണം ചെയ്യുന്നത് |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ